**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 649** **28-01-2026 - ൽ മറുപടിയ്ക്ക്**

**കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലും ഉള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളെ സാങ്കേതിക സേവനങ്ങളുടെയും സംരഭകത്വത്തിന്റെയും മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (എ) | ചങ്ങനാശ്ശേരിയിലും മഞ്ചേരിയിലും ഉള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററുകളെ സാങ്കേതിക സേവനങ്ങളുടെയും സംരംഭകത്വത്തിന്റെയും മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>**കോമൺ ഫെസിലിറ്റി സർവീസ് സെന്റർ (മഞ്ചേരി )**<br><br>വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ മഞ്ചേരിയിലുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്റർ (CFSC) മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് (CFSC-CGATE) 2022- 23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തി.<br><br>കഴിഞ്ഞ നാലു വർഷങ്ങളിലായി മഞ്ചേരിയിലെ കേന്ദ്രത്തിന് മാത്രമായി ആകെ 2,18,52,332/- രൂപ അനുവദിച്ചിട്ടുണ്ട്.<br><br>വിദ്യാഭ്യാസത്തിനും തൊഴിലിനും ഇടയിലുള്ള വിടവ് നികത്തുക എന്ന ലക്ഷ്യത്തോടെ നൈപുണ്യ വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന്റെ ഭാഗമായാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ നവീന മെഷീനറികൾ സ്ഥാപിച്ചു.<br>പരിശീലനത്തിനും ഗവേഷണങ്ങൾക്കുമായി അടിസ്ഥാന സൗകര്യങ്ങൾ മികച്ചതാക്കി.<br><br>ദേശീയ അംഗീകാരമുള്ള സ്കിൽ കോഴ്സുകൾ ആരംഭിക്കുകയും അതുവഴി യുവജനങ്ങൾക്ക് തൊഴിൽ ലഭിക്കുകയും ചെയ്തു.<br><br>60 ലക്ഷം രൂപ ചെലവിൽ വലിപ്പമുള്ള ഉത്പന്നങ്ങൾ നിർമ്മിക്കാൻ ആവശ്യമുള്ള ഏറ്റവും നവീനമായ സി.എൻ.സി മില്ലിംങ് മെഷീൻ ടൂൾ റൂം വിഭാഗത്തിൽ സ്ഥാപിച്ചു. |

25 ലക്ഷം രൂപ ചെലവഴിച്ച് 900mm x 600mm വലിപ്പമുള്ള ഹൈഡ്രോളിക് പ്രസ്സ് റബ്ബർ വിഭാഗത്തിൽ സ്ഥാപിച്ചു.
19 ലക്ഷം രൂപ ചെലവഴിച്ച് നവീന സൗകര്യങ്ങളോടെയുള്ള പ്രായോഗിക പരിശീലനഹാൾ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കിയിരിക്കുന്നു.

ദേശീയ നൈപുണ്യവികസന കോർപ്പറേഷന്റെ (NSDC)) ഭാഗമായ സ്കിൽ ഇന്ത്യയുടെ അംഗീകരമുള്ള നൈപുണ്യ, വികസന പരിശീലന പരിപാടികൾ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അംഗീകരം ലഭിച്ച് പ്രസ്തുത പരിശീലന പരിപാടികൾ നടന്നു വരുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് വ്യവസായ സ്ഥാപനങ്ങളിൽ Internship ഉം അതുവഴി ജോലിയും ലഭിക്കുന്നു.

48 ലക്ഷം രൂപ ചെലവാക്കി പ്രധാന കെട്ടിടവും പരിസരവും. പ്രധാന കവാടം, പാർക്കിംങ് സൗകര്യം എന്നിവയുൾപ്പെടെയുള്ള നവീകരണ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്.

റബ്ബർ വ്യവസായവുമായി ബന്ധപ്പെട്ട് യുവജനങ്ങളെ സജ്ജരാക്കുക, തൊഴിലവസരവും സംരംഭകത്വവും വർദ്ധിപ്പിക്കുക എന്നിവയാണ് ഈ ശ്രമങ്ങളുടെ ലക്ഷ്യം. പ്ലാസ്റ്റിക്, റബ്ബർ, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസനം വർദ്ധിപ്പിക്കാനും അറിവ് അടിസ്ഥാനമാക്കിയുള്ള സമ്പദ് വ്യവസ്ഥയായി മാറുക എന്ന കേരളത്തിന്റെ കാഴ്ചപ്പാടിന് സംഭാവന നൽകാനും CFSC യുടെ ആധുനിക വൽക്കരണംകൊണ്ട് സാധ്യമാകും.

**<u>കോമൺ ഫെസിലിറ്റി സർവീസ് സെന്റർ( ചങ്ങനാശ്ശേരി )</u>**

വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ ചങ്ങനാശ്ശേരിയിലുള്ള കോമൺ ഫെസിലിറ്റി സർവീസ് സെന്ററു (സി.എഫ്.എസ്.സി) കളെ മികവിന്റെ കേന്ദ്രങ്ങളാക്കുക (സെന്റർ ഫോർ എക്സലൻസ് ഇൻ ഗവണ്മെന്റ് അസ്സിസ്ററൻസ് ഫോർ ടെക്നോളജി ആൻഡ് എന്റർപ്രെണർഷിപ്, CFSC-CGATE) എന്ന പദ്ധതിക്കായി താഴെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്

1. ചങ്ങനാശേരി സി. എഫ്. എസ്. സി യിൽ റിസർച്ച് ഡെവലപ്മെന്റ് ആൻഡ് ഇൻക്യുബേഷൻ വിങ് (RD&I) രൂപീകരിച്ച് പ്രകൃതി ദത്ത റബ്ബർ അധിഷ്ഠിതമായ നൂതന ഉല്പന്നങ്ങൾ

| | | | |
|---|---|---|---|
| | | | വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ ഉത്പന്നങ്ങളിൽ ഒരെണ്ണം പേറ്റന്റ് പ്രോസസ്സിങ്ങിലാണ്. സെന്റർ വികസിപ്പിച്ചെടുത്ത ഉത്പന്നങ്ങളുടെ സാങ്കേതിക കൈമാറ്റവുമായി ബന്ധപ്പെട്ട് (GO(Rt)No.106/2025/ID dated 03.02.2025) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. സാങ്കേതിക വിദ്യ കൈമാറുന്നതിനുള്ള താത്പര്യപത്രം ക്ഷണിയ്ക്കുകയും സംരംഭകരിൽ നിന്നും താത്പര്യപത്രം ലഭിക്കുകയും ചെയ്തിട്ടുണ്ട്.വകുപ്പ് തന്നെ ഉത്പന്നങ്ങൾ വികസിപ്പിച്ച് സംരംഭകരെ ക്ഷണിച്ച് സാങ്കേതികവിദ്യ കൈമാറ്റം നടത്തുന്നത് ഈസ് ഓഫ് ഡുയിങ് ബിസിനസ്-ൽ പുതിയ തുടക്കമാണ്. ഉല്പന്നങ്ങൾ വികസിപ്പിച്ച് നൽകണമെന്ന ആവശ്യവുമായി നിരവധിപ്പേർ ഈ സെന്ററിനെ സമീപിക്കുന്നുണ്ട്.<br><br>2. മികച്ച നോളഡ്ജ് എക്കണോമിയായി സംസ്ഥാനത്തെ മാറ്റുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് വ്യാവസായിക അന്തരിക്ഷ ത്തിലെ പഠനം അനുഭവ വേദ്യമാക്കുന്നതിനു ഇന്റേൺഷിപ്പ് പ്രോഗ്രാം സർക്കാർ ഉത്തരവ് പ്രകാരം (സ ഉ(സാധാ നം 85/2025/ID തീയതി 27.01.2025) ആരംഭിച്ചു. സെമസ്റ്റർ ഇടവേളകളിൽ പ്രായോഗിക അറിവ് വ്യവസായ അന്തരീക്ഷത്തിൽ ലഭ്യമാക്കി സാങ്കേതിക വിദ്യാഭ്യാസത്തെ പരിപോഷിപ്പിക്കുന്ന പദ്ധതിയാണിത്.<br><br>3. FYUGP പ്രകാരം പഠിക്കുന്ന ബി.എസ്.സി വിദ്യാർത്ഥികൾക്കായി "ഇന്റേൺഷിപ് ഓൺ എഞ്ചിനീയറിംഗ് ഫിസിക്സ്" എന്ന പേരിൽ ഇന്റേൺഷിപ് പ്രോഗ്രാം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ